## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഗുണഭോക്താവിന് നൽകേണ്ട സബ്സിഡി തുക സംബന്ധിച്ച്- വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.565/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി: 27.02.2018

---

പരാമർശം :- 1) 20.12.2011 ലെ സ.ഉ.(സാധാ)നം.318/2011/തസ്വഭവ നമ്പർ ഉത്തരവ്

2) 24.04.2012 ലെ സ.ഉ.(സാധാ)നം. 561/2012/തസ്വഭവ നമ്പർ ഉത്തരവ്

3) 03.04.2017 ലെ സ.ഉ.( എം.എസ്)നം.80/2017/തസ്വഭവ നമ്പർ ഉത്തരവ്

4) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.01.2018 ലെ 146/C2/2008/SM നമ്പർ കത്ത്

5) 06.02.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 3.14

## ഉത്തരവ്

ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ധനസഹായമായി 50 ശതമാനം തുക ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ധന സഹായത്തിൽ സർക്കാർ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും എത്ര വീതമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട് എന്നും ഈ സാഹചര്യത്തിൽ പരമാവധി ധനസഹായ തുക 5000/- രൂപ എന്ന നിബന്ധന പൊതു വിഭാഗത്തിന് നിലനിർത്തിക്കൊണ്ട്, ഗുണഭോക്താവിന് നൽകുന്ന 50 % ധനസഹായത്തിൽ ശുചിത്വ മിഷൻ വിഹിതം പരമാവധി പകുതി വരെ നിശ്ചയിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് തീരുമാനിക്കാവുന്നതാണ് എന്ന് പരാമർശം 4 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. ഗാർഹിക കമ്പോസ്റ്റിംഗ് മാർഗ്ഗ രേഖ പ്രകാരം പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 75% എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതി പരാമർശം 1, പരാമർശം 2 ഉത്തരവുകൾ അനുസരിച്ചാണ് നടപ്പിലാക്കേണ്ടത് എന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് എന്നും, ആയവ പ്രകാരം പരമാവധി ധനസഹായ തുക 5000/- രൂപയായി നിശ്ചയിച്ചിരിക്കുന്നതിനാൽ 10000/- രൂപയിൽ അധികം ചെലവ് വരുന്ന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന ഗുണഭോക്താവിന് 75 % എന്ന ധനസഹായ നിരക്ക് ലഭിക്കാതെ പോകുന്നുണ്ട് എന്നും മേൽ സാഹചര്യത്തിൽ പരമാവധി ധനസഹായ തുക 5000/- രൂപ എന്ന നിർദേശം പാലിക്കണമെന്നത് ഒഴിവാക്കുന്നതിനോടൊപ്പം ഇപ്രകാരം നൽകുന്ന ധനസഹായങ്ങളിൽ ശുചിത്വ മിഷന്റെ വിഹിതം ആകെ ധനസഹായത്തിന്റെ പരമാവധി പകുതി വരെ നിശ്ചയിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കണമെന്നും പരാമർശം 4 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിൽ സബ്സിഡി നൽകുന്നത് സംബന്ധിച്ച് പരാമർശം 5 ന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഉറവിടമാലിന്യ സംസ്കരണ പദ്ധതിക്ക്, മാർഗ്ഗ നിർദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും പങ്കാളിയാണ്. അതിനാൽ ഗുണഭോക്താവിന് നൽകുന്ന 50% സബ്സിഡി തുകയുടെ പകുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബാക്കി പകുതി ശുചിത്വ മിഷനും വഹിക്കേണ്ടതാണ്. പരമാവധി ധനസഹായ തുക 5000/- രൂപ ആയി നിജപ്പെടുത്തേണ്ടതാണ്.

ii) പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 90% തുക സബ്സിഡി ആയി നല്കാവുന്നതും ഇപ്രകാരം നൽകുന്ന ധനസഹായത്തിന്റെ പകുതി തുക വരെ ശുചിത്വ മിഷൻ നൽകേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ